**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 700** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** ജൈവസമ്പത്തിനെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ മനുഷ്യ - വന്യജീവി സംഘർഷത്തെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കുമോ; ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വനാതിർത്തികളിലും വനങ്ങൾക്ക് സമീപമുള്ള ജനവാസ മേഖലകളിലുമാണ് പ്രധാനമായും നടത്തിവരുന്നത്. അത്തരം പ്രവർത്തനങ്ങൾ വനത്തിനുള്ളിലെ ജൈവസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതല്ല.

മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും വനസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിത ഭരണം എന്നിവ ഏകോപിപ്പിക്കുന്നതിനുമായി വനം വകുപ്പ് *"Vision 2031 – People First, Science Based, Human-Wildlife Co-existence model"* എന്ന ദീർഘകാല പ്രവർത്തനരേഖ തയ്യാറാക്കിയിട്ടുണ്ട്.

**(ബി)** വനമേഖലയുടെ സംരക്ഷണത്തിനും പുനഃസ്ഥാപനത്തിനും പ്രത്യേക പദ്ധതികൾ ആലോചനയിലുണ്ടോ; ഔഷധസസ്യങ്ങളുടെയും ഉപയോഗപ്രദമായ വനസസ്യങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഇക്കാര്യം വിശദമായി പരിശോധിച്ച് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(സി)** കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുന്നതിനും മണ്ണൊലിപ്പ് പോലെയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടാൻ കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന എട്ട് ദൗത്യങ്ങളുടെ ഭാഗമായി ഗ്രീൻ ഇന്ത്യ മിഷൻ (GIM) (60:40 CSS) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു.

കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വനേതര പ്രദേശങ്ങളിലെ വൃക്ഷാവരണം വർധിപ്പിക്കുന്നതിനുമായി സാമൂഹ്യവനവത്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിദ്യാവനം, നഗരവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, പരിഹാര വനവത്കരണം, നക്ഷത്രവനം, തീരവനം, സ്കൂൾ നഴ്സറി യോജന, ട്രീ ബാങ്കിംഗ്, ബട്ടർഫ്ലൈ പാർക്കുകൾ, കാവുകളുടെ സംരക്ഷണത്തിനുള്ള ധനസഹായ പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**(ഡി)** പരിസ്ഥിതി - വന സംരക്ഷണത്തിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

**<u>മറുപടി:</u>** പരിസ്ഥിതി–വന സംരക്ഷണത്തിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്ത് വിവിധ സമഗ്ര പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ വനനയത്തിന്റെ ഭാഗമായി 1998 മുതൽ പങ്കാളിത്ത വന പരിപാലന (PFM) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്.

**സെക്ഷൻ ഓഫീസർ**